**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2319** **01-09-2022 - ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി. കെ. ബഷീർ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഹരി മരുന്നുകളുടെ കടത്തും ലഹരി വസ്തുക്കളുടെ ഉപയോഗവും പ്രത്യേകിച്ച് സ്കൂൾ - കോളേജ് കുട്ടികളുടെ ഇടയിൽ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ; | (ബി) | ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഹരിക്കടത്തുമായി ബന്ധപ്പെട്ടും സ്കൂൾ-കോളേജ് പരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിറ്റതിന്റെ പേരിലും എത്ര കേസുകൾ ആണ് എടുത്തിട്ടുള്ളത്; എത്രപേർ അറസ്റ്റിലായി; ഏതൊക്കെ ലഹരി മരുന്ന് സാധനങ്ങൾ ആണ് പിടിച്ചെടുത്തത്; വിശദമാക്കുമോ; | (സി) | 2020 കേസുകൾ എടുക്കുകയും, 1254 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗഞ്ചാവ്, എം.ഡി.എം.എ., എൽ.എസ്.ഡി, ഹാഷിഷ് ഓയിൽ, ഹെറോയിൻ, നൈട്രോസേപാം ടാബ്ലറ്റ്, ലോറസേഫാം ടാബ്ലറ്റ്, ചരസ്, ബ്രുപ്രിനോർഫിൻ, മെത്തഫിറ്റമിൻ, കഞ്ചാവ് ചെടി തുടങ്ങിയവയും പാൻപരാഗ്, ശംഭു, കൂൾ, ഹാൻസ് തുടങ്ങിയ പുകയില ഉല്പന്നങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. |
| (ഡി) | ലഹരി വിമുക്ത കേരളത്തിനായി ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും സ്കൂൾ-കോളേജ് കുട്ടികളുടെ ഇടയിലെ ലഹരി ഉപയോഗം തടയുന്നതിനായി ഒരു ജനകീയ കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ എന്നും വ്യക്തമാക്കുമോ ? | (ഡി) | സ്കൂൾ വിദ്യാർത്ഥികൾക്കും യുവാക്കൾക്കുമായി പ്രത്യേക പദ്ധതികളാണ് വിമുക്തി മിഷൻ മുഖേന നടപ്പിലാക്കി വരുന്നത്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെകുറിച്ച് കുട്ടികളെ ബോധവൽക്കരിച്ച് ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.<br><br>സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. |

ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ കൂടാതെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന വിവിധ മത്സരങ്ങളും മറ്റ് പരിപാടികളും സംഘടിപ്പിച്ചു വരുന്നു. സ്കൂളുകളിൽ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ "ഉണർവ്വ്" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പഠനം കഴിഞ്ഞുള്ള സമയത്ത് വിദ്യാർത്ഥികളുടെ ശ്രദ്ധ മറ്റ് പ്രചോദനങ്ങളിലേക്ക് പോകാതെ കായികപരവും കലാപരമായും ഉള്ള അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിൽ ഒരു കമ്മിറ്റിയും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിൽ ഒരു കമ്മിറ്റിയും രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. ടി കമ്മിറ്റികൾ സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലും, ആർട്സ് & സയൻസ് കോളേജുകളിലും കൂടി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച അവബോധം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് "കവചം" എന്ന പേരിൽ ഒരു കൈപ്പുസ്തകം വിമുക്തി മിഷൻ തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ വിദ്യാർത്ഥികൾ ലഹരിയുടെ പിടിയിൽ അകപ്പെടാതെ സംരക്ഷിക്കുന്നതിന് അധ്യാപകരും രക്ഷകർത്താക്കളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും, ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ അതിൽ നിന്ന് പിൻതിരിപ്പിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി "കരുതൽ" എന്ന പേരിൽ ഒരു കൈപ്പുസ്തകവും വിമുക്തി മിഷൻ തയ്യാറാക്കി വിതരണം നടത്തി വരുന്നു.

ലഹരി ഉപയോഗവും അത് കാരണം സ്വഭാവത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ ആ കുട്ടികളെ നേർവഴിക്ക് നയിക്കാനുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ "നേർവഴി" എന്ന പേരിൽ

| | | | |
|---|---|---|---|
| | | | ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഒരു കുട്ടിയുടെ പെരുമാറ്റത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സഹായം ആവശ്യമായ കുട്ടിയുടെ വിവരം അധ്യാപകർ നേരിട്ട് എക്സൈസ് വകുപ്പിന് നൽകി, വകുപ്പിന്റെ ക്രിയാത്മകമായ ഇടപെടൽ സാധ്യമാക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ